പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 226

# 2024-ലെ കേരള പൊതുസമൂഹത്തിൽ ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തി എടുക്കുന്നതിനും നവോത്ഥാന കേരളം രൂപപ്പെടുത്തുന്നതിനുമായുള്ള ബിൽ

(ശ്രീ. ഇ. ചന്ദ്രശേഖരൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 226

**2024-ലെ കേരള പൊതുസമൂഹത്തിൽ ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തി എടുക്കുന്നതിനും നവോത്ഥാന കേരളം രൂപപ്പെടുത്തുന്നതിനുമായുള്ള ബിൽ**

(ശ്രീ. ഇ. ചന്ദ്രശേഖരൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1236/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 226

# 2024-ലെ കേരള പൊതുസമൂഹത്തിൽ ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തി എടുക്കുന്നതിനും നവോത്ഥാന കേരളം രൂപപ്പെടുത്തുന്നതിനുമായുള്ള ബിൽ

(ശ്രീ. ഇ. ചന്ദ്രശേഖരൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

അന്ധവിശ്വാസവും അനാചാരങ്ങളും അതുമായി ബന്ധപ്പെട്ട
പ്രവർത്തനങ്ങളും കേരളത്തിലെ യുവജനങ്ങൾ
ഉൾപ്പെടെയുള്ള സമൂഹത്തിലാകെ വളർന്നു
വരുന്ന സാഹചര്യത്തിൽ ശാസ്ത്രചിന്തയിലും
യുക്തിബോധത്തിലും അധിഷ്ഠിതമായ
നവോത്ഥാന കേരള നിർമ്മിതി
വ്യവസ്ഥ ചെയ്യുന്ന
ഒരു
ബിൽ

പീഠിക.— സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനും യുവതലമുറയെ ദുരാചാരങ്ങളിലേക്ക് തിരിച്ചുവിടാൻ ശ്രമിക്കുന്ന ഇത്തരം പ്രവൃത്തികൾ വഴി ജനങ്ങൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള ദുരിതങ്ങളിൽ നിന്നും രക്ഷിച്ച് ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തി നവോത്ഥാന കേരളം സൃഷ്ടിക്കേണ്ടത് അനിവാര്യമായി തീർന്നിരിക്കുന്നതിനാലും;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ 75-ാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം ഒരു നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന് "2024-ലെ കേരള പൊതുസമൂഹത്തിൽ ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തി എടുക്കുന്നതിനും നവോത്ഥാന കേരളം രൂപപ്പെടുത്തുന്നതിനുമായുള്ള ആക്റ്റ്" എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

1236/2024.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(1) "അന്ധവിശ്വാസം' എന്നാൽ യുക്തിസഹമല്ലാത്ത വിശ്വാസങ്ങളും അവയെച്ചൊല്ലിയുള്ള ആചാരങ്ങളും എന്നാകുന്നു;

(2) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(3) 'വിജ്ഞാപനം' എന്നാൽ ഈ ആക്റ്റ് അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(4) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നാകുന്നു;

(5) 'വകുപ്പ്' എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നാകുന്നു.

## കർമ്മപരിപാടിയുടെ രൂപീകരണം

ശാസ്ത്രചിന്തയും യുക്തിബോധവുമുള്ള തലമുറയെ സൃഷ്ടിക്കുന്നതിനു വേണ്ടി പ്രാഥമിക വിദ്യാഭ്യാസ തലം മുതൽ ആരംഭിക്കുന്ന ഒരു സാമൂഹികാധിഷ്ഠിത കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

3. പൊതുസമൂഹത്തിൽ ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തുന്നതിനും നവോത്ഥാന കേരളം സൃഷ്ടിക്കുന്നതിനുള്ള സമിതി രൂപീകരണം.—(1) സർക്കാർ ഒരു ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പെതുസമൂഹത്തിൽ ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തുന്നതിനും നവോത്ഥാന കേരളം സൃഷ്ടിക്കുന്നതിനുമുള്ള സമിതി എന്ന പേരിൽ ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

(2) സമിതിയുടെ പ്രവർത്തനങ്ങളിൽ അതിനെ സഹായിക്കുന്നതിനായി സർക്കാരിന് യുക്തമെന്നു തോന്നുന്ന ഉദ്യോഗസ്ഥരെയും പൊതുപ്രവർത്തകരെയും നിയോഗിക്കാവുന്നതാണ്.

(3) സമിതി ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവര-ജംഗമ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുമുള്ള അധികാരത്തോട് കൂടിയതും ആയിരിക്കും.

4. <u>സമിതിയുടെ ഘടന</u>.—സമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(1) ശാസ്ത്രസമൂഹത്തെ പ്രതിനിധീകരിക്കുന്ന രണ്ട് വ്യക്തികൾ;

(2) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മാനസികാരോഗ്യ വിദഗ്ധൻ;

(3) ആഭ്യന്തര വകുപ്പ് സെക്രട്ടറി;

(4) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി;

(5) നിയമ വകുപ്പ് സെക്രട്ടറി;

(6) സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ;

(7) പോലീസ് മേധാവി;

(8) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ചെയർമാൻ;

(9) ഡയറക്ടർ.

5. <u>സമിതിയുടെ ആസ്ഥാനം</u>.—അതോറിറ്റിയുടെ ആസ്ഥാനം തൃശ്ശൂർ ആയിരിക്കും.

6. <u>ചെയർ പേഴ്സൺ</u>.—

(1) സമിതിയുടെ ചെയർ പേഴ്സണെ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നാമനിർദ്ദേശം ചെയ്യുന്നതാണ്.

(2) ചെയർമാന്റെ ഔദ്യോഗിക കാലാവധി 3 വർഷക്കാലമായിരിക്കുന്നതാണ്.

7. <u>സെക്രട്ടറി</u>.—

സർക്കാർ സർവ്വീസിലുള്ള ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ സമിതിയുടെ സെക്രട്ടറിയായി സർക്കാർ നിയമിക്കുന്നതാണ്.

8. <u>സമിതിക്ക് ഇടപെടാൻ കഴിയുന്ന കുറ്റകൃത്യങ്ങളുടെ പട്ടിക</u>.—(1) പ്രേതബാധ ഒഴിപ്പിക്കാനെന്ന പേരിൽ ഒരാളെ കയറോ ചങ്ങലയോകൊണ്ട് ബന്ധിക്കുന്നത്, കമ്പോ, ചാട്ടയോകൊണ്ട് അടിക്കുന്നത്, കെട്ടിത്തൂക്കുന്നത്, തലമുടി പിഴുതെടുക്കുന്നത്, ശരീരത്തിൽ ചൂട്‌വയ്ക്കുന്നത്. ലൈംഗികവേഴ്ചയ്ക്ക് പ്രേരിപ്പിക്കുന്നത്, ബലം പ്രയോഗിച്ച് മലമൂത്രങ്ങൾ വായ്ക്കുള്ളിലാക്കുന്നത്, ശാരീരിക ബലപ്രയോഗം, സ്പർശനം;

(2) ദിവ്യാത്ഭുതങ്ങളെന്ന് പറയപ്പെടുന്നവ പ്രകടിപ്പിക്കുന്നതും അത്തരം കാര്യങ്ങൾ പ്രകടിപ്പിച്ച് ജനങ്ങളെ വഞ്ചിക്കുകയും ഭീഷണിപ്പെടുത്തുകയും പണം സമ്പാദിക്കുകയും ചെയ്യുന്നത് ;

(3) പ്രകൃത്യാതീത ശക്തികളുടെ അനുഗ്രഹത്തിനെന്ന പേരിൽ ജീവന് ഹാനിയുണ്ടാക്കുന്നതോ മുറിവേൽപ്പിക്കുന്നതോ ആയ കർമ്മങ്ങൾ ചെയ്യുന്നതും അത്തരം കൃത്യങ്ങൾ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതും;

(4) നിധി, ജലസ്രോതസ്സുകൾ, കെട്ടിട സ്ഥാനം നിർണ്ണയിക്കൽ, സാമ്പത്തിക പുരോഗതി നേടിയെടുക്കാമെന്ന പേരിൽ നടത്തുന്ന നരബലിയും മൃഗ-പക്ഷി ബലിയും പൂജകളും;

(5) ആരുടെയെങ്കിലും ശരീരത്തിൽ ഏതെങ്കിലുമൊരു ദിവ്യാത്മാവ് അവശേഷിച്ചിട്ടുണ്ടെന്ന് പരസ്യപ്പെടുത്തി മറ്റുള്ളവരുടെ മനസ്സിൽ ഭീതി ജനിപ്പിക്കുന്നതും അയാളെ അനുസരിച്ചില്ലെങ്കിൽ അത് അപകടകരമാണെന്ന് ഭീഷണിപ്പെടുത്തുന്നതും ;

(6) ഒരാൾക്ക് മന്ത്രവാദം നടത്തുന്നുവെന്നോ അയാൾക്ക് പ്രേതബാധ ഉണ്ടെന്നോ മറ്റുള്ളവരിൽ രോഗബാധ ഉണ്ടാക്കാൻ അയാൾ കാരണമാകുന്നുവെന്നോ പ്രചരിപ്പിക്കുന്നത്;

(7) മന്ത്രവാദി എന്ന നിലയിൽ ഒരാളെ മർദ്ദിക്കുന്നതും നഗ്നനാക്കി നടത്തുന്നതും അയാളുടെ ദൈനംദിന ജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്നതും ;

(8) മന്ത്രംകൊണ്ട് ഭൂതപ്രേതാധികളെ ആവാഹിക്കുകയാണെന്ന് ധാരണ ജനിപ്പിച്ച് ജനങ്ങളുടെ മനസ്സിൽ ഭീതി ഉളവാക്കുന്നതും മന്ത്രതന്ത്രങ്ങൾകൊണ്ട് ഒരാളെ ഭീഷണിപ്പെടുത്തുന്നതും;

(9) രോഗങ്ങൾ - നായ, പാമ്പ്, തേൾ മുതലായവ കടിച്ചാൽ ശാസ്ത്രീയ ചികിത്സ നിഷേധിക്കുന്നതും മന്ത്രതന്ത്രങ്ങളും മറ്റും പ്രയോഗിക്കുന്നതും ;

(10) വിരലുകൾകൊണ്ട് ശസ്ത്രക്രിയ നടത്താനും ഗർഭസ്ഥ ശിശുവിന്റെ ലിംഗമാറ്റത്തിന് കഴിയുമെന്ന് അവകാശപ്പെടുന്നതും ഗർഭം അലസിപ്പിക്കുന്നതും;

(11) ദിവ്യശക്തി ഉണ്ടെന്നോ മറ്റൊരാളുടെ അവതാരമാണെന്നോ ദിവ്യാവതാരമാണെന്നോ അവകാശപ്പെടുന്നതും കഴിഞ്ഞ ജന്മത്തിൽ തന്റെ ഭാര്യയോ, ഭർത്താവോ ആയിരുന്നുവെന്ന് അവകാശപ്പെട്ട് അവരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നതും ;

(12) ഗർഭധാരണശേഷിയില്ലാത്ത സ്ത്രീയിൽ ദിവ്യശക്തികൊണ്ട് ഗർഭം ധരിപ്പിക്കാമെന്ന് അവകാശപ്പെട്ട് അവരുമായി ലൈംഗിക വേഴ്ചയിൽ ഏർപ്പെടുന്നതും അതിനായി പ്രേരിപ്പിക്കുന്നതും ദിവ്യമരുന്ന് നൽകുന്നതും ;

(13) ബുദ്ധിവളർച്ചയില്ലാത്തതും പ്രായപൂർത്തിയാകാത്തതുമായ ഒരാൾക്ക് ദിവ്യശക്തിയുണ്ടെന്ന ധാരണ ജനിപ്പിച്ച് സ്വാർത്ഥ ലാഭത്തിന് പ്രയോജനപ്പെടുത്തുന്നതും;

(14) ജോത്സ്യ പ്രവചനങ്ങൾവഴി ജനങ്ങളെ വഞ്ചിക്കുന്നതും അതിന്റെ മന്ത്രങ്ങൾ വഴി ചൂഷണം ചെയ്യുന്നതും ;

(15) ശാസ്ത്രീയ ചികിത്സ നിഷേധിച്ച് പ്രാർത്ഥനാരോഗ ചികിത്സ നടത്തുന്നതും രോഗികൾക്ക് അപകടം വരുത്തുന്നതും അതിന്റെ പേരിൽ നേർച്ച-കാഴ്ചകൾ വാങ്ങുന്നതും;

(16) ദിവ്യതയുടെ മറവിൽ മയക്കുമരുന്നും ലഹരി വസ്തുക്കളും ആയുധങ്ങളും സംഭരിക്കുന്നതും പ്രയോഗിക്കുന്നതും ;

(17) മതത്തിന്റെ പേരുകൾ ദുരുപയോഗപ്പെടുത്തി രൂപംകൊടുത്ത അന്ധവിശ്വാസങ്ങളുടെ മറവിൽ വിദേശപ്പണം വാങ്ങുന്നതും വിദേശികളെ അനധികൃതമായി താമസിപ്പിക്കുന്നതും;

(18) മരിച്ചുപോയ പുരോഹിതരുടെ കുഴിമാടങ്ങളും ഖബറുകളും വിശ്വാസത്തിന്റെ പേരിൽ സാമ്പത്തിക ചൂഷണത്തിന് ഉപയോഗിക്കുന്നതും അന്ധവിശ്വാസത്തിന്റെ മറവിൽ പ്രയോഗിച്ചും പ്രീണിപ്പിച്ചും സ്വന്തം വിശ്വാസത്തിനൊപ്പം നടത്തുന്നതും;

(19) വിശ്വാസത്തിന്റെ മറവിൽ നടത്തപ്പെടുന്ന സ്ത്രീ പീഡനങ്ങൾ;

(20) അന്ധവിശ്വാസത്തിലധിഷ്ഠിതമായ പൂജകൾക്കോ മറ്റ് പ്രവർത്തനങ്ങൾക്കോ കുട്ടികളെ ഉപയോഗപ്പെടുത്തുന്നത്;

(21) ദൈവത്തിന്റെ പ്രതിരൂപമെന്നോ സ്വയം ദൈവമെന്നോ പ്രഖ്യാപിച്ചുകൊണ്ട് അനുഗ്രഹങ്ങൾ നൽകിയും ചികിത്സ നടത്തിയും ജനങ്ങളെ കബളിപ്പിക്കുക;

(22) ജോതിശാസ്ത്രം എന്ന പേരിൽ ജ്യോതിഷ പ്രവചനങ്ങൾ നടത്തി കബളിപ്പിക്കൽ;

(23) സ്വന്തം ശരീര വിസർജ്ജനങ്ങളും മറ്റ് വസ്തുക്കളും സിദ്ധൗഷധമെന്ന പേരിൽ ഭക്തർക്ക് നൽകിയുള്ള ചികിത്സ;

(24) സിദ്ധ ചികിത്സ എന്ന പേരിൽ രോഗികളെയും ഭക്തരെയും ക്ഷതമേല്പിക്കുക;

(25) സാമൂഹ്യമാധ്യമങ്ങളിലും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും ഉൾപ്പെടെ അന്ധവിശ്വാസ പ്രവൃത്തികളെക്കുറിച്ചും ആഭിചാര ക്രിയകളെക്കുറിച്ചും പ്രചാരണം നടത്തുന്നത്.

9. സമിതിയുടെ കർത്തവ്യങ്ങൾ.—

(1) വകുപ്പ് 2-ൽ പറയുന്ന കർമ്മ പദ്ധതി നടപ്പിലാക്കൽ.

(2) സംസ്ഥാനത്ത് കുട്ടിക്കാലം മുതൽ ശാസ്ത്രചിന്തയും യുക്തിബോധവും വളർത്തി എടുക്കുന്നതിനും നവോത്ഥാന കേരളം സൃഷ്ടിക്കുന്നതിനും ആവശ്യമായ ശിപാർശകൾ സർക്കാരിന് സമർപ്പിക്കുക.

(3) ശാസ്ത്രചിന്തയിലും യുക്തിബോധത്തിലും അധിഷ്ഠിതമായ ഒരു സമൂഹ സൃഷ്ടിയുടെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(4) ശാസ്ത്രചിന്തയിലും യുക്തിബോധത്തിലും അധിഷ്ഠിതമായ നവോത്ഥാന കേരളം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ സർക്കാരിന് ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുക.

10. സമിതിയുടെ അധികാരങ്ങൾ.—

(1) ഈ ആക്ടിന്റെ കീഴിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുന്നതിനുള്ള അധികാരം.

(2) ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനും അതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനുമുള്ള അധികാരം.

(3) ഇപ്രകാരം ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി സമിതിക്ക് ബോധ്യമായ കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ സർക്കാരിനോട് ശിപാർശ ചെയ്യുക.

(4) സമിതിയുടെ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുക.

(5) വകുപ്പ് 8-ൽ പറഞ്ഞിരിക്കുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ പരിശോധിച്ച് ഉചിതമായ അന്വേഷണം നടത്തി ആയത് സംബന്ധിച്ച് ശിപാർശകൾ സർക്കാരിന് സമർപ്പിക്കുക.

11. സമിതിയുടെ യോഗങ്ങൾ.—

(1) ചെയർമാന്റെ നിർദ്ദേശാനുസരണം സെക്രട്ടറി സമിതിയുടെ യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(2) സമിതിയുടെ രണ്ട് യോഗങ്ങൾ തമ്മിൽ 4 മാസത്തിലധികം അന്തരം ഉണ്ടാകാൻ പാടില്ല.

(3) സമിതിയുടെ യോഗങ്ങളിൽ ചെയർമാൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്. ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളിൽ ഒരാളെ അദ്ധ്യക്ഷനായി നിർദ്ദേശിക്കാവുന്നതാണ്.

(4) യോഗത്തിനുള്ള ക്വാറം സമിതിയിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

12. എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള മാർഗ്ഗം.—സമിതിയിൽ നിന്നുള്ളതും സമിതിയിലേക്കുള്ളതുമായ എഴുത്തുകുത്തുകൾ സെക്രട്ടറിയുടെ പേരിൽ നടത്തേണ്ടതാണ്.

13. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—

(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭാ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ആരെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും അതുമായി ബന്ധപ്പെട്ട ചൂഷണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തി എടുക്കുന്നതിന് നവോത്ഥാന കേരളം സൃഷ്ടിക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഒരു സമിതി രൂപീകരിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് സമിതി നിലവിൽ വരികയും പ്രവർത്തന ക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമെ ഇതിനു വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും സമിതിയുടെ പ്രാരംഭ ചെലവുകൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾപ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാകുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അതംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ളതായ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ഇ. ചന്ദ്രശേഖരൻ, എം. എൽ. എ.